ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ സമർപ്പിച്ചിട്ടുണ്ടെങ്കിൽതന്നെയും ആ ഇനത്തിൽ ഫ 0 ലക്ഷം രൂപായിൽ കൂടുതൽ ഗവണ്മെണ്ടിനു കിട്ടാനിടയുണ്ടെങ്കിൽ അതെന്തിനു് വേണ്ടെന്നു വയ്ക്കണം?

ശ്രീ. എം. ഐ. പോൾ: ഇതുവരെയായി ആ ഇനത്തിൽ ഫ 0 ലക്ഷം രൂപയിൽ കൂടുതൽ ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനകം കിട്ടിയിട്ടുണ്ടോ എന്നു നിശ്ചയമില്ല. കണക്കുകൾ എന്റെ കൈവശം ഇല്ല.

ശ്രീ. എം. ഐ. പോൾ: ഫ 0 ലക്ഷം രൂപയിൽ കൂടുതൽ കിട്ടുമെന്നു് ഗവണ്മെണ്ടു പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

സിവിൽ സപ്ലൈസ് കമ്മീഷണർ

*ൻ ൭൫. (ഫ 0) ശ്രീ. വി. കെ. വറുഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) സിവിൽ സപ്ലൈസ് കമ്മീഷണറാപ്പീസ് മാനേജർ ഇപ്പോൾ ആരാണു്;

(ബി) അദ്ദേഹത്തിന്റെ മൻജോലി എന്തായിരുന്നു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ), (ബി) സിവിൽ സപ്ലൈസ് കമ്മീഷണരുടെ ആഫീസിൽ മാനേജർ എന്ന ഒരു തസ്തിക ഇല്ല.

പ്രവേശന പരീക്ഷ

*ൻ ൭ൻ. (ഫ ഫ) ശ്രീ. വി. കെ. വറുഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഡിവിഷനിൽ ക്ലാസിൽ ചേർന്നു പഠിച്ചിട്ടില്ലാത്തവരെ ഉദ്ദേശിച്ചു് അങ്ങനെയുള്ളവരെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു ചേർക്കുന്നതിനു് ഒരു പ്രവേശനപരീക്ഷ നടപ്പിലുണ്ടോ;

(ബി) ഫൻ ൪ 0-ൽ അങ്ങനെയൊരു പരീക്ഷ നടത്തീട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) കൊച്ചി ഡിവിഷനിൽ ക്ലാസിൽ ചേർന്നു പഠിച്ചിട്ടില്ലാത്തവരെ ഉദ്ദേശിച്ചു് എസ്. എസ്. എൽ. സി. പരീക്ഷ നടത്തുന്ന പതിവുണ്ടു്.

(ബി) ഫൻ൪ 0-ൽ ഈ പരീക്ഷ പതിവുപോലെ നവംബർമാസത്തിൽ നടത്തുന്നുണ്ടു്.

ശ്രീ. വി. കെ. വറുഗീസ്: തിരുവിതാംകൂർ വിഭാഗത്തിൽ അങ്ങിനെ ഒരു പതിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. വി. കെ. വറുഗീസ്: തിരുവിതാംകൂറിലുംകൂടി ആ ഏർപ്പാടു നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ചു് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly